**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - 'ഔഷധി' - യിൽ നിന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് ടെൻഡർ നടപടികളില്ലാതെ നേരിട്ട മരുന്നുകളും, മറ്റ് അസംസ്കൃത മരുന്നുകളും വിതരണം ചെയ്യുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 -ൽ ഇളവ് അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.133/2024/SPD തീയതി, തിരുവനന്തപുരം, 25-11-2024

---

പരാമർശം :- 1. ഔഷധി മാനേജിംഗ് ഡയറക്ടറുടെ 12.07.2024-ലെ എസ്2-63A/05 നമ്പർ കത്ത്.

2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 01.08.2024-ലെ ജി2/873/2024/ഡിഎംഎംഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും 'ഔഷധി' -യിൽ നിന്നും ടെൻഡർ നടപടിക്രമങ്ങൾ കൂടാതെ നേരിട്ടു മരുന്നുകളും, മറ്റ് അസംസ്കൃത മരുന്നുകളും വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23-ൽ ഇളവ് നൽകണമെന്ന് പരാമർശം (1) പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടറും, പരാമർശം (2) പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഔഷധി സ്വന്തം ഫാക്ടറികളിൽ നേരിട്ട് ഉല്പാദിപ്പിക്കുന്ന ആയുർവേദ മരുന്നുകളും, മറ്റ് അസംസ്കൃത മരുന്നുകളും പൊതുവിപണിയിലെ വില്പന നിരക്കിൽ നിന്നും 30% കുറഞ്ഞ വിലയിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന്, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 -ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സ്മിത എസ്.**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ് :- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ആരോഗ്യ ഭവൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ആയുഷ് (എ) വകുപ്പ് (ഫയൽ നം. AYUSH-A3/190/2024-AYUSH പ്രകാരം.)
സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ് സൈറ്റിൽ ചേർക്കുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ ഉത്തരവ് ഗവൺമെന്റ് വെബ് സൈറ്റിൽ ചേർക്കുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ